# ജില്ലാ ത്രോബോൾ മത്സരം

**മട്ടാഞ്ചേരി:** ജില്ല സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് ഈ മാസം 20 ന് മട്ടാഞ്ചേരി കുറുവ മൈതാനത്ത് നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ 9633088615 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ജില്ല സെക്രട്ടറി പി. എസ്. അനീർ അറിയിച്ചു.

# ത്രോബോൾ

മട്ടാഞ്ചേരി● . ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 20ന് മട്ടാഞ്ചേരി കുറുവ മൈതാനിയിൽ നടത്തും. 16ന് മുൻപ് റജിസ്ട്രേഷൻ ചെയ്യണം, 9633088615.

കേരളകൗമുദി
SINCE 1911
Ernakulam 24 Nov 2023

# ഫ്രണ്ട്സ് ക്ലബ് ചാമ്പ്യന്മാർ

മട്ടാഞ്ചേരി : ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ കരിമ്പാടം ഡി. ഡി. സഭ ക്ലബിനെ പരാജയപ്പെടുത്തി കരുവേലിപ്പടി ഫ്രണ്ട്സ് ക്ലബ് ചാമ്പ്യൻമാരായി. വനിതാ വിഭാഗത്തിൽ ഫോർട്ട് കൊച്ചി യാക്കാ സ്പോർട്സ് കൊച്ചിയെ പരാജയപ്പെടുത്തി കരിമ്പാടം ഡി. ഡി സഭ ക്ലബ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പുരുഷ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാഡമിയും വനിതാ വിഭാഗത്തിൽ തേവര ഹാർത്തിയൻസ് ക്ലബ്ബും മൂന്നാം സ്ഥാനം കരസ്ഥമാക്കി. ജിബിൻ എൻ. ജി, അനഘ വി. എ എന്നിവരെ മികച്ച താരങ്ങളായി തിരഞ്ഞെടുത്തു. ലോക ബോഡി ബിൽഡിംഗ് ചാമ്പ്യൻ അശ്വിൻ ഷെട്ടി വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു. ജില്ലാ ത്രോബാൾ അസോസിയേഷൻ പ്രസിഡന്റ് നിസാർ ടി. യു. അദ്ധ്യക്ഷത വഹിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

# ത്രോബോൾ ചാംപ്യൻഷിപ്പിൽ ഫ്രൻഡ്സ് ക്ലബ് ജേതാക്കൾ

മട്ടാഞ്ചേരി ● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ കരുവേലിപ്പടി ഫ്രൻഡ്സ് ക്ലബ് ചാംപ്യൻഷിപ് നേടി. കരിമ്പാടം ഡിഡി സഭ ക്ലബ്ബിനെയാണു പരാജയപ്പെടുത്തിയത്. വനിത വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭ ക്ലബ് ചാംപ്യൻമാരായി. ഫോർട്ട്കൊച്ചി യാക്കാ സ്പോർട്സ് ക്ലബ്ബിനെ പരാജയപ്പെടുത്തി.

പുരുഷ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി, വനിത വിഭാഗത്തിൽ തേവര ഹാർത്തിയൻസ് ക്ലബ് എന്നിവ 3-ാം സ്ഥാനം കരസ്ഥമാക്കി. ലോക ബോഡി ബിൽഡിങ് ചാംപ്യൻഷിപ്പിൽ സ്വർണം നേടിയ അശ്വിൻ ഷെട്ടി സമ്മാനം നൽകി. ജില്ലാ ത്രോബോൾ അസോസിയേഷൻ പ്രസിഡന്റ് ടി.യു.നിസാർ അധ്യക്ഷത വഹിച്ചു.